LIBRARY ARCHIVES Kerala Legislative Assembly

ലബോറട്ടറി പരിശോധനയുള്ള രക്തസാമ്പിളുകളുടെ ശേഖരണം

67 (756) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിലെ വിവിധ വാർഡുകൾ, ഓപ്പറേഷൻ തീയേറ്ററുകൾ, ഐ.സി.യു. എന്നിവിടങ്ങളിലെ രോഗികളിൽ നിന്നും ലബോറട്ടറി പരിശോധനയുള്ള രക്തസാമ്പിളുകൾ ശേഖരിക്കുന്നത് ആരാണ്;

(ബി) ഈ ജോലിക്കായി ഏതെങ്കിലും വിഭാഗം ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിവിധ വാർഡുകൾ, ഓപ്പറേഷൻ തീയേറ്ററുകൾ, ഐ.സി.യു. എന്നിവിടങ്ങളിലെ രോഗികളിൽനിന്നും ലബോറട്ടറി പരിശോധനയുള്ള രക്തസാമ്പിളുകൾ ശേഖരിക്കുന്നത് സ്റ്റാഫ് നഴ്സുമാരുടെ ജോലിയും ഉത്തരവാദിത്വവുമാണ്. ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

എണ്ണപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം ടൈബൽ ആശുപത്രിയായി ഉയർത്തുന്നതിനു നടപടി

68 (757) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ എണ്ണപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം ടൈബൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടില്ല.

(ബി) ഇല്ല.

(സി&ഡി) ബാധകമല്ല.

കാസർഗോഡ് ജനറൽ ആശുപത്രിയിൽ ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ്

69 (758) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവ. ജനറൽ ആശുപത്രിയിൽ ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് (Blood Component Separation Unit) സ്ഥാപിക്കാൻ സാധിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റിന് ആവശ്യമായ സാമഗ്രികൾ കാസർഗോഡ് ജനറൽ ആശുപത്രിയിൽ എത്തിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് എത്തിച്ചത്;

(സി) കാസർഗോഡ് ജനറൽ ആശുപത്രിയിൽ സ്ഥാപിക്കാൻ തീരുമാനിച്ച ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഇതിന്റെ ഭാഗമായി സാമഗ്രികൾ തിരിച്ച് കൊണ്ടുപോയിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പ്ലാൻ ഫണ്ട് ഉപയോഗിച്ച് കാസർഗോഡ് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ കേരള സംസ്ഥാന എയ്ഡഡ് നിയന്ത്രണ സൊസൈറ്റി, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly